പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4448 28.06.2012 - ൽ മറുപടിക്ക്**

**സപ്ലൈകോയിലെ വിവിധ തസ്തികകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) മുൻ ഭക്ഷ്യ വകുപ്പുമന്ത്രി സപ്ലൈകോയുടെ നവീകരണത്തിനായി പഠന റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ച ബിജുകുമാർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| ബി) സപ്ലൈകോയിൽ കോർപ്പറേഷൻ ജീവനക്കാർക്കായുള്ള ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്ത മാക്കുമോ; | ബി) നിലവിൽ ഒഴിവുകളൊന്നും ഇല്ല. |
| സി) സപ്ലൈകോയിൽ സെയിൽസ്മാൻ തസ്തിക ഇപ്പോൾ നിലവിലുണ്ടോ;പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡം എന്താണ്; എത്ര സെയിൽസ്മാൻമാർ ഇപ്പോൾ സപ്ലൈ കോയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; | സി) സപ്ലൈകോയിൽ സെയിൽസ്മാൻ തസ്തിക നിലവിൽ ഉണ്ട്. 7-ാം ക്ലാസ്സ് വിജയവും ഹെൽപ്പർ ഹയർ ഗ്രേഡിൽ 2 വർഷത്തെ സേവനവുമാണ് പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡം. നിലവിൽ 9 സെയിൽസ്മാൻമാർ സപ്ലൈകോയിൽ സേവനം ചെയ്യുന്നു. |
| ഡി) സപ്ലൈകോ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പെട്രോൾ പമ്പുകൾ തിരുവനന്തപുരം ജില്ലയിൽ എവിടെ യൊക്കെയാണ്? | ഡി) തിരുവനന്തപുരം ജില്ലയിൽ കല്ലമ്പലം എന്ന സ്ഥലത്ത് ഒരു പെട്രോൾ ബങ്ക് ഏറ്റെടുത്ത് നടത്തുന്നതിന് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സപ്ലൈകോ ധാരണയിലെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.